## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2301</u> <u>19.06.2013-ലെ മറുപടിക്ക്</u>

### <u>സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ ചികിത്സ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർക്ക് സ്വകാര്യ പ്രാക്ടീസ് എന്നുമുതലാണ് നിർത്തലാക്കിയത് ; | (എ) 01-10-09 മുതൽക്കാണ്, സർക്കാർ മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയത്. |
| (ബി) സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിലൂടെ ആരോഗ്യ സംരക്ഷണ രംഗത്ത് എന്തെല്ലാം ഗുണഫലങ്ങളാണ് പ്രതീക്ഷിച്ചിരുന്നത് ; | (ബി) സർക്കാർ മെഡിക്കൽ കോളേജുകളിലെ പഠന-ചികിത്സാ കാര്യങ്ങളിൽ ഡോക്ടർമാരുടെ കൂടുതൽ പങ്കാളിത്തമാണ് പ്രതീക്ഷിച്ചിരുന്നത്. |
| (സി) സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയതിലൂടെ ഉദ്ദേശിച്ച ഫലങ്ങൾ ഉണ്ടായിട്ടുണ്ടോ ; | (സി) ഒരു പരിധിവരെ ഉദ്ദേശിച്ച ഫലം ലഭിച്ചിട്ടുണ്ട്. |
| (ഡി) സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കിയ നടപടി പുനഃപരിശോധിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ? | (ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ